നമ്പർ: ബി1/10169/റ്റി.സി/2008

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
ട്രാൻസ് ടവേഴ്സ്,തിരുവനന്തപുരം
തീയതി: 15.07.2009

<u>സർക്കുലർ 08/2009</u>

വിഷയം: മോട്ടോർ വാഹന വകുപ്പ് – നികുതി സ്വീകരിക്കുന്ന കൗണ്ടർ സമയം ദീർഘിപ്പിക്കുന്നത് ഭേദഗതി ചെയ്ത നിർദ്ദേശം സംബന്ധിച്ച്

സൂചന:
1. സർക്കുലർ 13/98 തീയതി 28.05.1998
2. സർക്കുലർ 25/03 തീയതി 04.07.2003
3. സർക്കുലർ 07/08 തീയതി 24.03.2008
4. സർക്കുലർ 22/08 തീയതി 24.09.2008
5. 12.07.2009 ലെ ഈ ഓഫീസിലെ സി1/1227/റ്റി.സി/07 നമ്പർ കത്ത്.

മേൽ സൂചന (4) ലെ സർക്കുലർ 22/08 പ്രകാരം 'Any Counter any Service' സമ്പ്രദായം നടപ്പിലാക്കിയതിന്റെ ഫലമായി ടാക്സും, ഫീസും സ്വീകരിക്കുന്നതിനുള്ള സമയം രാവിലെ 10.15 മുതൽ ഉച്ചയ്ക്ക് 1.15 വരെയും ട്രാൻസ്പോർട്ട് വാഹനങ്ങളുടെ ഗ്രേസ് പിരീഡിന്റെ അവസാന ദിവസം ട്രാൻസ്പോർട്ട് വാഹനങ്ങളുടെ ടാക്സ് സ്വീകരിക്കുന്നതിനുള്ള സമയം ഉച്ചയ്ക്കുശേഷം3 മണിവരെയും ദീർഘിപ്പിച്ചിരുന്നു. എന്നാൽ ഗ്രേസ് പിരീഡ് അവസാനിക്കുന്നതിനോടടുത്ത ദിവസങ്ങളിൽ പല റീജിയണൽ ട്രാൻസ്പോർട്ട്/സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും ടാക്സ് അടയ്ക്കുവാൻ അഭൂതപൂർവ്വമായ തിരക്ക് അനുഭവപ്പെടുന്നതായും ഇത് പൊതുജനങ്ങൾക്ക് വളരെ അധികം ബുദ്ധിമുട്ട് ഉണ്ടാക്കുന്നതായും അനുഭവപ്പെട്ടതിനാൽ ഗ്രേസ് പീരിഡിന്റെ അവസാന മൂന്നു ദിവസം ടാക്സും, ഫീസും എടുക്കുന്നതിനുള്ള സമയപരിധി ഉച്ചയ്ക്ക് ശേഷം 3 മണി വരെ ആക്കി ദീർഘിപ്പിച്ചുകൊണ്ട് സൂചന (4) പ്രകാരം എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും, ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും ഇ-മെയിൽ സന്ദേശം അയച്ചിരുന്നു. എന്നാൽ വിവിധ സേവനങ്ങൾക്കുള്ള ഫീസ് അടയ്ക്കുന്നതും ഗ്രേസ് പിരീഡും തമ്മിൽ യാതൊരു ബന്ധവും ഇല്ലാത്തതുകൊണ്ട്

ഫീസ് അടയ്ക്കുന്നതിനും നോൺ ട്രാൻസ്പോർട്ട് വാഹനങ്ങളുടെയും ടാക്സ് അടയ്ക്കുന്നതിനുമുള്ള സമയപരിധി എല്ലാ ദിവസവും ഉച്ചയ്ക്ക് 1.15 മണി വരെ തന്നെ ആയിരിക്കും.

എല്ലാ തരം ട്രാൻസ്പോർട്ട് വാഹനങ്ങളുടെയും ടാക്സ് അവയ്ക്ക് കേരള മോട്ടോർ വെഹിക്കിൾ ടാക്സേഷൻ റൂൾസിൽ പറഞ്ഞിട്ടുള്ള ഗ്രേസ് പിരീഡിന്റെ അവസാനത്തെ മൂന്ന് ദിവസം, ഉച്ചയ്ക്കു ശേഷം 3 മണിവരെയും സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ചുള്ള അറിയിപ്പ് വാഹന ഉടമകളുടെ അറിവിലേക്കായി നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്.

ഒപ്പ്
ട്രാൻസ്പോർട്ട് കമ്മീഷണർ

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും,
റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും,
ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും.

പകർപ്പ് : ഈ ഓഫീസിലെ എല്ലാ ഉദ്യോഗസ്ഥർക്കും അറിവിലേക്കായി

അംഗീകാരത്തോടെ,

15/07/09.

സീനിയർ ഡി റ്റി സി (ടാക്സേഷൻ)

15/7/09

കെ എസ്

15/07/09